II ഇ.ബി. XIV-കേരള നിയമസഭ/I-7

# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ജൂലൈ 14, വ്യാഴം

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

23 (*181) **ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ**

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) നൽകിയ മറുപടിയിൽ, പുതിയ ഉത്പന്നങ്ങളുടെ കണ്ടെത്തലിലൂടെയും ശക്തമായ വിപണന പ്രചാരണ തന്ത്രങ്ങളിലൂടെയും കൂടുതൽ വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 100 ശതമാനവും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 50 ശതമാനവും വളർച്ച ലക്ഷ്യമിടുന്നതായും സഭയെ അറിയിച്ചു. വിദേശ-ആഭ്യന്തര ടൂറിസ്റ്റുകൾ യാത്രയ്ക്കിടയിൽ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി റെയിൽവേയും വിമാനക്കമ്പനികളുമായും ചർച്ച നടത്തിവരികയാണ്. ടൂറിസം ഡെസ്റ്റിനേഷനുകളിലെ മാലിന്യ

നിർമ്മാർജ്ജനത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. ടൂറിസവുമായി ബന്ധപ്പെട്ട് പ്രാദേശിക ഉല്പന്നങ്ങളുടെ വിപണന സാധ്യതകൾ വിപുലപ്പെടുത്തുന്നതാണ്. വാഗമണിലെയും ഗവിയിലെയും ടൂറിസം വികസന പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ലഭിച്ചിട്ടുണ്ട്. ജഡായുപാറ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അതിരപ്പിള്ളിയിൽ ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. കക്കയത്ത് ടൂറിസം കോറിഡോർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രോജക്ടിന്മേൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. തിരുവനന്തപുരം ശംഖുമുഖത്തെ വികസന പ്രവൃത്തികളിലെ കാലതാമസം ഒഴിവാക്കി നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ മെഡിക്കൽ ടൂറിസം സാധ്യതകൾ മാർക്കറ്റ് ചെയ്യുന്നതിനുള്ള ആലോചന നടത്തിവരികയാണെന്നും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ ഘടനയിൽ മാറ്റംവരുത്തി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## 24 (*182) പൊതുമേഖലാ വ്യവസായ യൂണിറ്റുകൾ

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) നൽകിയ മറുപടിയിൽ, പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും

കൂടുതൽ തൊഴിൽ സാധ്യതകൾ സൃഷ്ടിക്കുന്നതിനും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമായി ഓരോ വ്യവസായ സ്ഥാപനവും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പ്രത്യേകമായി ചർച്ച ചെയ്ത് സത്വര നടപടികൾ സ്വീകരിച്ചുവരുന്നതായി സഭയെ അറിയിച്ചു. കരകൗശല വ്യവസായ തൊഴിലാളികളുടെ ഉന്നമനത്തിനായി ക്ലസ്റ്ററുകൾ; കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ എക്സിബിഷനുകൾ, ക്രാഫ്റ്റ് ബസാറുകൾ; ടൂറിസം സീസണുകളിൽ പ്രത്യേക വിൽപ്പന കേന്ദ്രങ്ങൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. ഉൽപ്പന്നങ്ങൾ നേരിട്ട് വിപണനം നടത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. ദേശീയ പിന്നോക്ക വിഭാഗ സാമ്പത്തിക വികസന കോർപ്പറേഷൻ മുഖാന്തിരം കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകിവരുന്നുണ്ട്. രാജ്യം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രശ്നങ്ങൾ; കേന്ദ്ര ഗവൺമെന്റിന്റെ ആഗോളവൽക്കരണ നയങ്ങൾ; കയറ്റുമതിയിലുണ്ടായ മാന്ദ്യം; ഇറക്കുമതിയിലുണ്ടായ വർദ്ധന; ദുർബലമായ മാനേജ്മെന്റ്; വർദ്ധിച്ചുവരുന്ന അഴിമതി ഇവയെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ പതനത്തിന് കാരണമായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തിവരികയാണ്. പെട്രോകെമിക്കൽ പ്രോജക്ടുമായി ബന്ധപ്പെട്ട് അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക ചർച്ച നടത്തിയിട്ടുണ്ട്. പൂട്ടിപ്പോയ പാപ്പിനശ്ശേരിയിലെ കേരള ക്ലേ ആന്റ് സിറാമിക്സിനുപകരം ഒരു ഡയറി പ്രോജക്ട് നടപ്പിലാക്കാനുള്ള നടപടി

സ്വീകരിച്ചുവരികയാണ്. പൊതുമേഖലാ സ്ഥാപനങ്ങളിലെ അഴിമതി സംബന്ധിച്ച് വ്യവസായ വകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. മലബാർ സിമന്റ്സിന്റെ മാർക്കറ്റ് വിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണ്. പുതുതായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് മുന്തിയ പരിഗണന നൽകുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

25 (*183) **<u>സുരക്ഷ നിധി പദ്ധതി</u>**

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുക; പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാ സഹകരണ സംഘങ്ങളിലെയും നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ വരെ ഗ്യാരണ്ടി നൽകുക; നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി സ്കീം 2012 എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത പദ്ധതി മുഖേന റിസർവ് ബാങ്കിന്റെ പരിധിയിൽ വരാത്തതും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതും നിക്ഷേപം സ്വീകരിക്കുന്നതുമായ സഹകരണ സംഘങ്ങളിലെ

നിക്ഷേപങ്ങൾക്കുകൂടി ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തി നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്നതിനും കൂടുതൽ വിശ്വാസം ആർജ്ജിക്കുന്നതിനും കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും നിക്ഷേപ രംഗത്ത് സഹകരണ മേഖലയിലുണ്ടായ വളർച്ച സ്ഥായിയായി നിലനിർത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. നിക്ഷേപങ്ങളിന്മേലുള്ള ഗ്യാരണ്ടി തുക വർദ്ധിപ്പിക്കുന്ന കാര്യത്തിൽ അനുയോജ്യമായ നടപടി സ്വീകരിക്കുന്നതാണ്. ബാങ്കിംഗ് രംഗത്തെ നിക്ഷേപങ്ങളും വായ്പകളും വർദ്ധിപ്പിക്കാനുതകുന്ന രീതിയിൽ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കും ജില്ലാ ബാങ്കുകളും സംയോജിപ്പിച്ചുകൊണ്ട് കേരള ബാങ്ക് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1538 മുതൽ 1785 വരെയുള്ള ചോദ്യങ്ങളിൽ 100 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *